നമ്പർ :ICDS/B3/4509/2020

വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : swdicds@gmail.com
തിയതി : 25.08..2020

## പരിപത്രം

വിഷയം : വനിതാ ശിശുവികസന വകുപ്പ് -കോവിഡ്-19- ലോക്ക്ഡൗൺ നിലനിൽക്കുന്നത് അങ്കണവാടി ഭക്ഷ്യധാന്യങ്ങൾ - ടേക്ക് ഹോം റേഷനായി നൽകുന്നത്- സംബന്ധിച്ച്

സൂചന : വനിതാ ശിശുവികസന ഡയറക്ടറുടെ 11.3.20, 12.5.20, 12.5.20, 01.6.20, 30.6.20, 23.7.20 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ .

കോവിഡ് വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ അങ്കണവാടികൾക്ക് അവധി പ്രഖ്യാപിച്ചതിനാൽ കുട്ടികൾക്കും ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും നൽകുന്ന ഭക്ഷണം 31.03.2020 വരെ ടേക്ക് ഹോം റേഷനായി നൽകുന്നതിനും, തുടർന്ന് ലോക്ക്ഡൗൺ ദീർഘിപ്പിച്ചതിനാൽ, ഭക്ഷ്യവിതരണത്തിൽ തടസ്സം നേരിടാതിരിക്കുന്നതിന് ഭക്ഷ്യ ധാന്യങ്ങൾ THR ആയി വിതരണം ചെയ്യുന്ന കാലാവധി 2020 ഓഗസ്റ്റ് 31 വരെ നീട്ടുന്നതിനും സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു.

കോവിഡ്-19 പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ, ഭക്ഷ്യധാന്യങ്ങൾ അങ്കണവാടികളിലൂടെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ 30 വരെ THR ആയി വിതരണം ചെയ്യേണ്ടതാണ്. ഇതിൻ പ്രകാരം, ഭക്ഷ്യധാന്യ വിതരണം തടസ്സം കൂടാതെ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്. ഭക്ഷ്യ വിതരണത്തിന്റെ വിശദാംശങ്ങൾ ICDS CAS ൽ THR distribution എന്ന menu വിൽ upload ചെയ്യേണ്ടതുമാണ്. THR ആയി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വിവരങ്ങൾ കൃത്യമായും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. THR വിതരണവുമായി ബന്ധപ്പെട്ട് നാളിതുവരെ നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഈ സർക്കുലറിനും ബാധകമായിരിക്കും.

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ് :

1. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. സ്റ്റോക്ക് ഫയൽ
3. സ്പെയർ

JN-20